(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്ന നടപടി

3 [*150] ശ്രീ. എം. എ. വാഹിദ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എം. ഹസ്സൻ :
,, എം. പി. ഗംഗാധരൻ :
,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിഡ്നി മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുവാനുദ്ദേശമുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഈ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിന് എന്തെല്ലാം ഉപകരണങ്ങൾ പുതുതായി വാങ്ങേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) അവയ്ക്ക് എന്തു ചെലവ് വരുമെന്നും എന്നത്തേക്ക് വാങ്ങി നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഉണ്ട്.

(ബി) കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട്.

(1) തിയേറ്റർ ലൈറ്റ്
(2) ജനറൽ ഇൻസ്ട്രുമെന്റ് ആന്റ് വാസ്കുലർ ഇൻസ്ട്രുമെന്റ്സും നിലവിലുള്ള എൻഡോസ്കോപ്പിന് ആവശ്യമായ അനുബന്ധ ഉപകരണങ്ങളും
(3) മൾട്ടി ചാനൽ മോണിറ്റർ
(4) പോർട്ടബിൾ ഡിഫിബ്രിലേറ്റർ വിത്ത് ഇ. സി. ജി. മോണിട്ടർ
(5) അനസ്തേഷ്യാ വെന്റിലേറ്റർ
(6) ഐസോഫ്ലൂറൈൻ വേപ്പറൈസർ.

(സി) ഇവയ്ക്ക് എല്ലാംകൂടി ഏകദേശം 36 ലക്ഷം (മുപ്പത്തിയാറ് ലക്ഷം) രൂപയുടെ ചെലവ് വരും. 2005 വർഷം തന്നെ ഈ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly